"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്-ലൈഫ് മിഷൻ മുഖേന നിർമ്മിച്ച ഭവനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നത് സംബന്ധിച്ച - ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിന്-അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിബി) വകുപ്പ്

സ.ഉ.(സാധാ) നം.1899/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 04/10/2021

---

പരാമർശം:-

1. സ. ഉ (കൈ) നം. 54/2021/തസ്വഭവ, തീയതി 19/02/2021.
2. സ.ഉ (കൈ) നം.82/2021/തസ്വഭവ, തീയതി 26/03/2021.
3. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 04/03/2021, 23.3.2021 തീയതികളിലെ എൽ.എം.15/2020 കത്തുകൾ.

<u>ഉത്തരവ്</u>

ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ ഭാഗമായി ഒന്നും, രണ്ടും, മൂന്നും, ഘട്ടങ്ങളിൽ നിർമ്മിച്ച മുഴുവൻ വീടുകൾക്കും, വിവിധ വകുപ്പുകൾ മുഖേനയും, പി.എം.എ.വൈ ലൈഫ് (റൂറൽ, അർബൻ) എന്നിവ മുഖേനയും നിർമ്മിക്കപ്പെട്ട 25,0547 ഭവനങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് പരാമർശം (1) പ്രകാരവും അതിലേക്കായി ലൈഫ് മിഷന്റെ 4515-00-102-49(റൂറൽ ഡവലപ്പ്മെന്റ് പ്ലാൻ) എന്ന ശീർഷകത്തിൽ നിന്നും 8,74,40,903/- രൂപ അനുവദിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിട്ടുണ്ട്. ലൈഫ് മിഷൻ, സംസ്ഥാന ഇൻഷുറൻസ് വകുപ്പ്, പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനമായ യുണൈറ്റഡ് ഇൻഡ്യാ ഇൻഷുറൻസ് എന്നിവ മുഖേന കോ - ഇൻഷുറൻസ് വ്യവസ്ഥയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ MoU (മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ്) അംഗീകരിച്ച് നൽകുന്നതിനായി പരാമർശം (3) പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലൈഫ് മിഷൻ, സംസ്ഥാന ഇൻഷുറൻസ് വകുപ്പ് - പൊതുമേഖലാ ഇൻഷുറൻസ് സ്ഥാപനമായ യുണൈറ്റഡ് ഇൻഡ്യാ ഇൻഷുറൻസ് എന്നിവ മുഖേന കോ - ഇൻഷുറൻസ് വ്യവസ്ഥയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള MoU (മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ്) അംഗീകരിച്ചുകൊണ്ടും പ്രസ്തുത MoU ഒപ്പുവയ്ക്കുന്നതിന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നല്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്.

M/s യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ്, (ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖാന്തിരം).

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്ബ് & ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Reena

സെക്ഷൻ ഓഫീസർ